**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 551** **08-10-2024 - ൽ മറുപടിയ്ക്ക്**

**GST വകുപ്പിലെ പ്രൊമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ വ്യാജ ബിരുദ സർട്ടിഫിക്കറ്റ് മുഖേനയോ പാസാകാത്ത വകുപ്പ് തല പരീക്ഷ പാസായെന്ന് സേവന പുസ്തകത്തിൽ എഴുതി ചേർത്തോ പ്രമോഷൻ നേടിയെന്ന് കണ്ടെത്തിയ എത്ര ഉദ്യോഗസ്ഥർ ഉണ്ടെന്ന് വ്യക്തമാക്കുമോ ; അവരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇവർക്കെതിരെ വകുപ്പ് സ്വീകരിച്ച നടപടികൾ എന്താണെന്ന് അറിയിക്കുമോ ; | (എ) | ഒന്ന്.<br><br>സ്റ്റേറ്റ് ടാക്സ് ഓഫീസർ റാങ്കിലുള്ള ഉദ്യോഗസ്ഥൻ ആണ്;<br><br>സർവീസിൽ നിന്നും പിരിച്ചുവിടാനുള്ള നടപടികളുടെ ഭാഗമായി 06.07.2024 തീയതിയിൽ ടി ഉദ്യോഗസ്ഥന് കാരണം കാണിക്കൽ നോട്ടീസ് നല്കിയിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് 2024 സെപ്റ്റംബറിൽ സർക്കാരിന് ജി.എസ്.ടി. വകുപ്പ് കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; സംസ്ഥാന ജി.എസ്.ടി. വകുപ്പ് ഇത് സംബന്ധിച്ച് പോലീസിന് നൽകിയ പരാതിയുടെ പകർപ്പ് നൽകുമോ ; പ്രസ്തുത പരാതിയിൽ പോലീസ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ ? | (ബി) | ജി.എസ്.ടി. വകുപ്പ് കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു. സംസ്ഥാന ജി.എസ്.ടി. വകുപ്പ് പോലീസിന് നൽകിയ പരാതിയുടെ പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു. പ്രസ്തുത പരാതിയിൽ പോലീസ് എഫ്.ഐ. ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

തിരുവനന്തപുരം I

Office of the Commissioner
State Goods and Services Tax Department
Tax Towers, Karamana P.O,
Thiruvananthapuram Date: 11-09-2024

From

The Commissioner
Goods and Services Tax Department
Thiruvananthapuram.

To

The Additional Chief Secretary to the Government
Taxes (D) department.

Sir,

Sub:- SGSTD -Disciplinary action initiated against Sri.Anil Sankar STO- report submitting of -reg

Ref:- 1.Letter no. D1/175/2023-TAXES dated: 30-07-2024
2.Letter no. C8/8689/2024 dated.06.9.2024 of JC,TPS, Ernakulam.

*****

Kind attention is invited to the reference cited.As per reference 2nd cited, the Joint Commissioner, Taxpayer Service Ernakulam, reported that a criminal case was filed against Sri. Anil Sankar, STO, at the Central Police Station, Ernakulam, on 03.09.2024. The details are enclosed for your kind information.

Yours faithfully

COMMISSIONER

Encl: As above

// Approved for issue //

Deputy Commissioner / Superintendent

*-- This document is approved in e-Office on 11-09-2024 and hence does not require to be signed in ink --*

V Sivak

അനുബന്ധം – II

Government of Kerala

KERALA GST
State Goods & Services Tax

ഡെപ്യൂട്ടി കമ്മീഷണറുടെ കാര്യാലയം , സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ്,
ടാക്സ്പെയർ സർവീസസ് ഡിവിഷൻ , എറണാകുളം സൗത്ത് ,
പെരുമാനൂർ പി.ഒ., തേവര, എറണാകുളം കൊച്ചി–15
email : ekmtpsdekms.sgst@kerala.gov.in

---

ബഹു: സ്റ്റേഷൻ ഹൗസ് ഓഫീസർ, ~~കസബ~~ സെൻട്രൽ പോലീസ് സ്റ്റേഷൻ, എറണാകുളം മുമ്പാകെ അനിൽകുമാർ കെ.എസ്, ഡെപ്യൂട്ടി കമ്മീഷണർ ഓഫ് സ്റ്റേറ്റ് ടാക്സ്, ടാക്സ്പെയർ സർവീസസ് ഡിവിഷൻ, എറണാകുളം സൗത്ത്, തേവര ഹാജരാക്കുന്ന പരാതി

സർ,

ശ്രീ.എസ്.ബി. അനിൽ ശങ്കർ (PEN: 436715) 55 വയസ്സ്, S/o.ബാലചന്ദ്രൻ പിള്ള, മുല്ലശ്ശേരിത്തറ മഠം, കരുനാഗപ്പിള്ളി പി.ഒ, കൊല്ലം (താമസം: H.No.266/T, സരയൂ ഝാൻസി ഗാർഡൻ, വടകോട്.പി.ഒ, തൃക്കാക്കര നോർത്ത്, എറണാകുളം 682021) എന്ന ജീവനക്കാരൻ ഇപ്പോൾ സ്റ്റേറ്റ് ടാക്സ് ഓഫീസറായി സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ് ഓഡിറ്റ് വിഭാഗം, ക്ലാസ്സ് ടവർ, കാർഗിൽ ലെയിൻ, ഓൾഡ് റയിൽവേ സ്റ്റേഷൻ റോഡ്, എറണാകുളം നോർത്ത് ഓഫീസിൽ ജോലി ചെയ്തുവരികയാണ്. സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിൽ ഇൻസ്പെക്ടറായി സ്ഥാനക്കയറ്റം ലഭിക്കുന്നതിന് ബുക്ക്കീപ്പിംഗ് ഉൾപ്പെടെയുള്ള വകുപ്പ് തല പരീക്ഷകൾ പാസ്സാകേണ്ടതാണ്. പാസ്സാകേണ്ട വകുപ്പ് തല പരീക്ഷകളിലൊന്നായ ബുക്ക്കീപ്പിംഗ് പരീക്ഷ പാസ്സാവുകയോ പകരം ആയതിന് തത്തുല്യമായ ബികോം ബിരുദം പാസ്സായാലും മതിയാകും. ശ്രീ.എസ്.ബി അനിൽ ശങ്കർ ന്റെ സർവ്വീസ് ബുക്കിന്റെ ആദ്യ പേജിൽ Reg.No.1169 S 1998 പ്രകാരം 06.11.2009 തിയതിയിൽ ബി കോം ബിരുദം പാസ്സായതായി രേഖപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ് കമ്മീഷണർക്കും ധനകാര്യ മന്ത്രിക്കും മുഖ്യമന്ത്രിക്കും വകുപ്പ് തല പരീക്ഷകൾ പാസ്സാകാതെയാണ് ശ്രീ.എസ്.ബി അനിൽ ശങ്കർ ജോലിയിൽ സ്ഥാനക്കയറ്റം നേടിയത് , എന്ന പരാതി ലഭിക്കുകയുണ്ടായി. ഇതിൽ വകുപ്പ്തല അന്വേഷണം നടത്തി റിപ്പോർട്ട് നൽകുവാൻ സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ്, എറണാകുളം Joint Commissioner (Intelligence & Enforcement) നെ കമ്മീഷണർ ചുമതലപ്പെടുത്തുകയും, Joint Commissioner (Intelligence & Enforcement) 05.06.2024 തീയതിയിലെ റിപ്പോർട്ട് കമ്മീഷണർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. ശ്രീ.എസ്.ബി അനിൽ ശങ്കർ ഹാജരാക്കിയിട്ടുള്ള ബികോം ബിരുദ സർട്ടിഫിക്കറ്റിന്റെ സുതാര്യത പരിശോധിക്കുന്നതിനായി 20.06.2023 ൽ എറണാകുളം, ടാക്സ്പെയർ സർവീസസ്, ജോയിന്റ് കമ്മീഷണർ ഓഫീസിൽ നിന്നും മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി രജിസ്ട്രാർക്ക് മുൻപാകെ നേരിൽ പോയി കത്ത് നൽകുകയും ആ കത്തിന് മറുപടിയായി നമ്പർ 175323/PD 3-1/2023 തീയതി 11.08.2023 ലെ കത്തിൽ സർവകലാശാല സെക്ഷനിൽ നടത്തിയ പരിശോധനയിൽ (രജിസ്റ്റർ നമ്പർ:-10211 April 1992, 10211 April 1993) ശ്രീ.എസ്.ബി. അനിൽ ശങ്കർ എന്ന വ്യക്തി മേൽ രജിസ്റ്റർ നമ്പറുകളിൽ പരീക്ഷ എഴുതിയിട്ടില്ല എന്നും, കൂടാതെ പ്രസ്തുത രജിസ്റ്റർ നമ്പറിൽ സർവകലാശാലയിൽ നിന്നും ടിയാന് ബി.കോം ബിരുദം അനുവദിച്ചു നൽകിയിട്ടില്ല എന്നും പ്രഥമദൃഷ്ട്യാ പ്രസ്തുത ഡിഗ്രി സർട്ടിഫിക്കറ്റ് ആധികാരികമല്ലാത്തത് ആണെന്നും പറഞ്ഞിരിക്കുന്നു. തുടർന്ന് മഹാത്മാഗാന്ധി സർവ്വകലാശാല ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ 10.07.2023 തീയതിയിൽ ഒരു കത്ത് നൽകുകയും അന്വേഷണം നടന്നു വരുന്നതുമാകുന്നു.

ആയതിൽ നിന്നും ശ്രീ. എസ്.ബി. അനിൽ ശങ്കർ സ്ഥാനക്കയറ്റത്തിനായി ബുക്ക്കീപ്പിംഗ് ടെസ്റ്റിനു തത്തുല്യമായ ബി.കോം പരീക്ഷ പാസ്സായതിന്റെ തെളിവായി

ടി വ്യാജ ഡിഗ്രി സർട്ടിഫിക്കറ്റ് വാണിജ്യനികുതിവകുപ്പിന്റെ എറണാകുളം ഒന്നാം സർക്കിളിൽ ജോലിചെയ്യവേ ഉപയോഗിച്ചിട്ടുള്ളതും പിന്നീട് ഉദ്യോഗസ്ഥാനക്കയറ്റം നേടിയിട്ടുള്ളതും ആണ് എന്ന് മനസ്സിലാക്കാം. ആയത് ക്രിമിനൽ കുറ്റവും ശിക്ഷാർഹവുമാണ്.

ഈ സാഹചര്യത്തിൽ അടിയന്തിരപ്രാധാന്യത്തോടെ ഈ പരാതിയെക്കുറിച്ച് അന്വേഷണം നടത്തി തുടർനടപടി സ്വീകരിക്കുന്നതിനായി സമർപ്പിക്കുന്നു. 27/08/2024 തീയതിയിലെ കത്ത് പ്രകാരം സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ് എറണാകുളം ജോയിന്റ് കമ്മീഷണർ, ടാക്സ്പെയർ സർവീസസ്, സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ് എറണാകുളം സൗത്ത് ഡിവിഷൻ, ഡെപ്യൂട്ടി കമ്മീഷണറായ എന്നെ ചുമതലപ്പെടുത്തിയതനുസരിച്ച് പരാതി സമർപ്പിക്കുന്നു.

OFFICE OF THE DEPUTY COMMISSIONER TAXPAYER SERVICES, STATE GST DEPARTMENT, ERNAKULAM SOUTH DIVISION, 3rd FLOOR SGST COMPLEX

വിശ്വസ്തതയോടെ,

അനിൽകുമാർ കെ.എസ്,
ഡെപ്യൂട്ടി കമ്മിഷണർ ഓഫ് സ്റ്റേറ്റ് ടാക്സ് ,
ടാക്സ്പെയർ സർവീസസ് ഡിവിഷൻ ,
എറണാകുളം സൗത്ത് .

എറണാകുളം
തീയതി: 03.09.2024

<u>ഉള്ളടക്കം</u>

1. സർവീസ് ബുക്ക്, പാർട്ട് 1, ഒന്നാം പേജ് (പകർപ്പ്).
2. മഹാത്മാഗാന്ധി സർവ്വകലാശാലയിലെ പരിശോധനയിൽ ആധികാരികമല്ലെന്ന് കണ്ടെത്തിയ Reg.No.1169 S 1998, 10211 April 1992, 10211 April 1993 എന്ന് രേഖപ്പെടുത്തിയ ബി.കോം ബിരുദ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
3. സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ്, എറണാകുളം Joint Commissioner (Intelligence & Enforcement) ന്റെ 05.06.2024 തീയതിയിലെ അന്വേഷണറിപ്പോർട്ടിന്റെ പകർപ്പ്.

4. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും ഗാന്ധിനഗർ പോലീസ് സ്റ്റേഷനിലേക്ക് നൽകിയ 10.07.2023 ലെ കത്തിന്റെ പകർപ്പ്.

5. മഹാത്മാഗാന്ധി സർവ്വകലാശാല രജിസ്ട്രാർ എറണാകുളം ജോയിന്റ് കമ്മീഷണർക്ക് എഴുതിയ 11/08/2023 തീയതിയിലെ കത്തിന്റെ പകർപ്പ്.

6. ഇത് സംബന്ധിച്ച് സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ് കമ്മീഷണർ, എറണാകുളം ചരക്ക സേവന നികുതി വകുപ്പ് ജോയിന്റ് കമ്മീഷണർ, ടാക്സ്പെയർ സർവീസസ്, എറണാകുളത്തിന് പരാതി സമർപ്പിക്കുവാൻ നിർദ്ദേശിച്ചുകൊണ്ടുള്ള 19.08.2024 തീയതിയിലെ കത്തിന്റെ പകർപ്പ്.

7. സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ് എറണാകുളം ജോയിന്റ് കമ്മീഷണർ, ടാക്സ്പെയർ സർവീസസ് സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ് എറണാകുളം സൗത്ത് ഡിവിഷൻ, ഡെപ്യൂട്ടി കമ്മീഷണറെ പരാതി സമർപ്പിക്കുവാൻ ചുമതലപ്പെടുത്തിയ 27/08/2024 തീയതിയിലെ കത്തിന്റെ പകർപ്പ്.

# RECEIPT

| | |
|---|---|
| Type of Application | Complaint |
| Application No | 15285013-2024-5-00603 |
| Name of Applicant | Anil Kumar K S |
| Address of Applicant | 000,Office of The Deputy Commissioner Sales Tax,Old Railway Station Road,Eranakulam South,KERALA,INDIA |
| Mobile Number of Applicant | |
| Application Date and Time | 03/09/2024 16:22:52 |
| Application Submitted to | ERNAKULAM CENTRAL Police Station |
| Application Status | In Progress |

Place : ERNAKULAM CENTRAL Police Station

Date : 03/09/2024

This certificate/document requires no signature as it is electronically generated